## പതിമൂന്നാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 356** — **26.06.2012-ൽ മറുപടിയ്ക്ക്**

## വി.കെ. ഷുംഗ്ലു കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീമതി ഇ.എസ്. ബിജിമോൾ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി പഠിക്കാൻ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച വി.കെ. ഷുംഗ്ലു കമ്മിറ്റി ആസൂത്രണ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) രാജ്യത്തെ പ്രധാന പട്ടണങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യ ഫ്രാഞ്ചൈസികളെ ഏൽപിക്കണമെന്ന ശുപാർശ പ്രസ്തുത റിപ്പോർട്ടിലുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിലെ ഏതെല്ലാം പട്ടണങ്ങൾ ഇതിലുൾപ്പെടുമെന്ന് വ്യക്തമാക്കുമോ; | (ബി) വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ, ഉയർന്ന വൈദ്യുതി ഉപഭോഗമുള്ള പട്ടണങ്ങളിലെ സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനായി ഫ്രാഞ്ചൈസി സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഉയർന്ന വൈദ്യുതി ഉപഭോഗമുള്ള ഇന്ത്യയിലെ പട്ടണങ്ങളുടെ കൂട്ടത്തിൽ കേരളത്തിലെ എറണാകുളം (കൊച്ചി), തിരുവനന്തപുരം, കോഴിക്കോട്, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോട്ടയം, ആലപ്പുഴ, അരൂർ, കണ്ണൂർ എന്നീ പട്ടണങ്ങളേയും സമിതി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഷ്ടം കുറവായതിനാൽ പ്രസ്തുത ശുപാർശ കേരളത്തിന് ബാധകമാകുമെന്ന് കരുതുന്നില്ല. |
| (സി) പട്ടണങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യ ഫ്രാഞ്ചൈസികളെ ഏൽപിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം വെളിപ്പെടുത്തുമോ? | (സി) കേരളത്തിലെ വൈദ്യുതി വിതരണ രംഗം സംസ്ഥാന വൈദ്യുതി ബോർഡ് കാര്യക്ഷമമായി കൈകാര്യം ചെയ്യുകയും, ബില്ലിംഗ്, കളക്ഷൻ തുടങ്ങിയവ ഫലപ്രദമായി നിർവ്വഹിക്കുകയും ചെയ്തു |

വരികയാണ്. ഫ്രാഞ്ചൈസി സംവിധാനം പോലെയുള്ള മറ്റു സംവിധാനങ്ങൾ സുസംഘടിതവും ഉത്തരവാദിത്തപൂർണ്ണവുമായ വൈദ്യുതി വിതരണം , ഉപഭോക്തൃ സേവനം എന്നിവ ഉറപ്പു വരുത്തുന്നതിന് അനുയോജ്യമായിരിക്കില്ല എന്നതാണ് സർക്കാരിൻെറ പൊതുവായ നയം.

പ്ലാനിംഗ് കമ്മീഷനും, കേന്ദ്ര ഗവൺമെൻറും ടി റിപ്പോർട്ടിലെ ശുപാർശകളിൻമേൽ അന്തിമ തീരുമാനം കൈക്കൊള്ളുകയോ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിൻെറ അഭിപ്രായം ആരായുകയോ ചെയ്തിട്ടില്ല. ഔദ്യോഗികമായി റിപ്പോർട്ടു ലഭിക്കുമ്പോൾ ഇതു സംബന്ധിച്ച് അഭിപ്രായ രൂപീകരണം നടത്താവുന്നതാണ്.

**സെക്ഷൻ ഓഫീസർ.**